പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2458 | 05.02. 2018 ൽ മറുപടിക്ക്

# വൈദ്യുതി മോഷണ കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ശശി | ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) 2011-16ലെ സർക്കാരിന്റെ കാലത്ത് എത്ര വൈദ്യുതി മോഷണ കേസ്സുകൾ കണ്ടെത്തി എന്നും ആയതു പ്രകാരം എത്ര തുക പിഴയിനത്തിൽ ഈടാക്കിയെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ; | (എ) 2011-16 ലെ സർക്കാരിന്റെ കാലത്ത് 2336 വൈദ്യുതി മോഷണക്കേസുകൾ കണ്ടെത്തി. ആയതുപ്രകാരം 17,77,27,623/- (പതിനേഴ് കോടി എഴുപത്തി ഏഴ് ലക്ഷത്തി ഇരുപത്തി ഏഴായിരത്തി അറുനൂറ്റി ഇരുപത്തി മൂന്ന് രൂപ) പിഴയിനത്തിൽ ഈടാക്കി. |
| (ബി) ഇത്തരത്തിൽ പിഴ ചുമത്തപ്പെട്ടസർക്കാർ /അർദ്ധസർക്കാർ/പൊതു മേഖല/ സ്വകാര്യ മേഖല/ കെ.എസ്.ഇ.ബി. തുടങ്ങിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ എത്ര പേർ വീതമുണ്ടെന്നും ഇത്തരക്കാരിൽ നിന്നും പിരിച്ചെടുത്ത പിഴ തുക എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) പിഴ ചുമത്തപ്പെട്ട സർക്കാർ സ്ഥാപനം ഗവൺമെന്റ് ഹാച്ചറി വർക്കല. പിഴ തുക 3,00,000/- (മൂന്ന് ലക്ഷം രൂപ).<br><br>പിഴ ചുമത്തപ്പെട്ട കെ.എസ്.ഇ.ബി ലിമിറ്റഡിലെ ജീവനക്കാർ<br>1. ശ്രീ. ഉദയൻ, ഓവർസീയർ,<br>ഇലക്ട്രിക്കൽ സെക്ഷൻ, പരവൂർ<br>പിഴ തുക 30146/- രൂപ<br>2. ശ്രീ. സലിം, ഓവർസീയർ,<br>ഇലക്ട്രിക്കൽ സെക്ഷൻ, പരവൂർ.<br>പിഴ തുക 36726/- രൂപ<br>3. ശ്രീ. സന്തോഷ് കുമാർ, ഓവർസീയർ,<br>66 കെ.വി സബ്സ്റ്റേഷൻ, കരുനാഗപ്പള്ളി.<br>പിഴ തുക 67355/- രൂപ. |
| (സി) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെ ഇപ്രകാരം എത്ര വൈദ്യുതി മോഷണ കേസ്സുകൾ കണ്ടെത്തി; ആയതുപ്രകാരം എത്ര തുക | (സി) ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതു വരെ 331 മോഷണക്കേസുകൾ കണ്ടെത്തി. പിഴയിനത്തിൽ 2,88,85,627/- (രണ്ടു കോടി എൺപത്തി എട്ടു ലക്ഷത്തി എൺപത്തി അയ്യായിരത്തി അറുനൂറ്റി ഇരുപത്തിയേഴ് രൂപ) ഈടാക്കി. |

| | |
|---|---|
| പിഴയിനത്തിൽ ഈടാക്കി; വിശദാംശം വ്യക്തമാക്കുമോ;<br><br>(ഡി) ഇത്തരത്തിൽ പിഴ ചുമത്തപ്പെട്ട സർക്കാർ/ അർദ്ധ സർക്കാർ/പൊതു മേഖല/ സ്വകാര്യമേഖല/ കെ.എസ്.ഇ.ബി. തുടങ്ങിയ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ എത്ര പേർ വീതമെന്നും ഇത്തരക്കാരിൽ നിന്നും പിരിച്ചെടുത്ത പിഴ തുക എത്രയെന്നും വ്യക്തമാക്കുമോ? | (ഡി)ഈ സർക്കാർ അധികാരമേറ്റശേഷം കെ.എസ്.ഇ.ബി. ജീവനക്കാർ വൈദ്യുതി മോഷണക്കേസുകളിൽ ഉൾപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ